“ഭരണഭാഷ - മാതൃഭാഷ”

**നം.എൻഇപി3/273280/2021/ഡിജിഇ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 14/06/2023
ഫോൺ നമ്പർ - 0471-2580519
ഇ-മെയിൽ - supdtnep.dge@kerala.gov.in

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ഐ.സി.ടി. പരിശീലനം ലഭിക്കാത്ത അധ്യാപകർക്ക് പരിശീലനങ്ങൾ നൽകുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/05/2016 ലെ എൻ.ഇ.പി.3/47456/2015 നമ്പർ സർക്കുലർ.

2) കൈറ്റ് സി.ഇ.ഒ. യുടെ 30/05/2023 ലെ കൈറ്റ്/2023/1234(17) നമ്പർ കത്ത്.

*********

ഹൈസ്കൂൾ ക്ലാസുകളിൽ പ്രത്യേക ഐ.സി.ടി. പരിശീലനം ലഭിച്ച അധ്യാപകർ മാത്രമായിരിക്കണം ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യേണ്ടതെന്ന് സൂചന (1) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 2018-19 അദ്ധ്യയന വർഷം വരെ പ്രസ്തുത പരിശീലനവും അതിനുശേഷം വിഷയാധിഷ്ഠിത പരിശീലനങ്ങളും കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ അധ്യാപകർക്ക് നൽകിയിരുന്നു. സ്കൂളുകളിലേയ്ക്ക് ധാരാളം അധ്യാപകരെ പുതുതായി നിയമിക്കുകയും സ്ഥലംമാറ്റവും നിയമനവും നൽകിയതുമൂലം അധ്യാപകർക്ക് സ്കൂൾമാറ്റം ലഭിക്കുകയും സർവ്വീസിൽ നിന്ന് വിരമിക്കുകയുമെല്ലാം ചെയ്തതുമൂലം ചില സ്കൂളുകളിൽ പരിശീലനം ലഭിക്കാത്ത അധ്യാപകർ ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത അധ്യാപകർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഐ.സി.ടി. പരിശീലനം ലഭിച്ച അധ്യാപകർ മാത്രമായിരിക്കണം ഹൈസ്കൂൾ ക്ലാസുകളിൽ ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യേണ്ടത്.
2. പ്രത്യേക ഐ.സി.ടി. പരിശീലനം ലഭിക്കാതെ പത്താം ക്ലാസിൽ ഐ.സി.ടി. പഠിപ്പിക്കുന്ന അധ്യാപകർ കൈറ്റ് ക്രമീകരിക്കുന്ന പരിശീലനം നേടേണ്ടതാണ്. പരിശീലനം പരമാവധി വെള്ളി, ശനി ദിവസങ്ങളിലായി ക്രമീകരിക്കേണ്ടതാണ്.
3. പരിശീലനം ആവശ്യമുള്ള അധ്യാപകർ കൈറ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
4. സ്കൂൾ ഹെഡ്മാസ്റ്ററും വിദ്യാഭ്യാസ ഓഫീസർമാരും ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും സംസ്ഥാന സർക്കാർ സിലബസ് പിന്തുടരുന്ന എല്ലാ ഹൈസ്കൂളുകളിലും പ്രത്യേക ഐ.സി.ടി. പരിശീലനം ലഭിച്ച അധ്യാപകരാണ് ഐ.സി.ടി. പഠനം നടപ്പിലാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
5. കൈറ്റ് തയ്യാറാക്കി ലഭ്യമാക്കുന്ന മൊഡ്യൂൾ ഉപയോഗിച്ചായിരിക്കണം പരിശീലനം നടത്തേണ്ടത്.

6. ഒരു പരിശീലന കേന്ദ്രത്തിൽ 20 മുതൽ 25 വരെ അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. 15-ൽ താഴെ അധ്യാപകർക്ക് ഒന്നും 15 ന് മുകളിൽ രണ്ടും എന്ന ക്രമത്തിൽ പരിശീലകരെ (RPs) നിയോഗിക്കേണ്ടതാണ്.
7. കൈറ്റിന്റെ നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്.
8. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
9. അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.
10. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.
11. അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ അധ്യാപരെയും താൽക്കാലിക അധ്യാപകരെയും പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും (ഡി.ഇ.ഒ. മുഖാന്തിരം)
5. സ്റ്റോക്ക് ഫയൽ